(ഇ), (എഫ്) ഉണ്ട്. പ്രധാന ശുപാർശകൾ അനുബന്ധം 1 (†) ആയും റിപ്പോർട്ടിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം 2 ‡ ആയും ചേർത്തിട്ടുണ്ട്.

അംഗൻവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

28 [2065] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഐ.സി.ഡി.എസ്. അംഗൻവാടികളിലും കിണർ കുഴിക്കുവാനും പൈപ്പ് ലൈൻ ലഭ്യമാക്കുവാനും മൂത്രപ്പുരകൾ കെട്ടുവാനും നിലവിൽ ഏതെങ്കിലും പദ്ധതികളുണ്ടെങ്കിൽ അതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അംഗൻവാടികളിലെത്തുന്ന കുഞ്ഞുങ്ങളുടെ മാനസിക വളർച്ചയ്ക്കുതകുന്ന തരത്തിൽ കളിപ്പാട്ടങ്ങളും ആശയസംവേദന സാമഗ്രികളും ലഭ്യമാക്കുവാനും സ്വന്തമായി കെട്ടിടവും വൈദ്യുതി കണക്ഷനുമുള്ള അംഗൻവാടികളിൽ ഫാനുകളും ടെലിവിഷനുകളും ലഭ്യമാക്കുവാനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമോ ?

ഉത്തരം

(എ) കേരള വികസന പദ്ധതിപ്രകാരം സംസ്ഥാനത്തെ അംഗൻവാടികളിൽ കിണർ, പൈപ്പ്ലൈൻ, മൂത്രപ്പുര ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനും ഉള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ വിഹിതത്തിൽ നിന്നും പ്രോജക്ടുകളുടെ അടിസ്ഥാനത്തിലും, ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. കൂടാതെ വേൾഡ് ബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ 1600 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും 800 ഹാൻഡ് പമ്പുകൾ/കിണർ/പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനും ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്.

(ബി) അംഗൻവാടികളുടെ മേൽനോട്ടവും, നിയന്ത്രണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. അംഗൻവാടി കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകൾ ആക്കുക എന്നുള്ളതാണ് സർക്കാരിന്റെ സമീപനം. അംഗൻവാടി കേന്ദ്രങ്ങൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ തുടങ്ങിയവ വാങ്ങി നൽകുന്നതിന് പഞ്ചായത്തിനധികാരമുണ്ട്. അതുപോലെ സർക്കാർ ഈ വർഷം 75 അംഗൻവാടി സെന്ററുകൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഐ.സി.ഡി.എസ്. പദ്ധതിയുടെ കീഴിലുള്ള അംഗൻവാടികൾ

29 [2066] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിൽ ആകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

---

† & ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1996-മുതൽ നാളിതുവരെയുള്ള ഓരോ വർഷവും ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിലെ അംഗൻവാടികളുടെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ കേന്ദ്ര ധനസഹായം, സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഐ.സി.ഡി.എസ്. സെന്ററുകളെ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള റിസോഴ്സ്സ് സെന്ററുകളായി പരിപോഷിപ്പിച്ച് വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അംഗൻവാടികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	അംഗൻവാടികളുടെ എണ്ണം
തിരുവനന്തപുരം	2157
കൊല്ലം	2177
പത്തനംതിട്ട	1192
ആലപ്പുഴ	1816
കോട്ടയം	1741
ഇടുക്കി	1163
എറണാകുളം	2142
തൃശ്ശൂർ	2497
പാലക്കാട്	2065
മലപ്പുറം	2657
കോഴിക്കോട്	2242
വയനാട്	572
കണ്ണൂർ	1810
കാസർഗോഡ്	988
ആകെ	25219

(ബി) വിശദ വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അംഗൻവാടികളെ സാമൂഹ്യവിഭവ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് പാലക്കാട്, മലപ്പുറം ജില്ലകളിലെ 100 അംഗൻവാടികൾക്ക് കംപ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും 2002-03 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു. ഈ സാമ്പത്തിക വർഷം 75 അംഗൻവാടി കേന്ദ്രങ്ങൾക്കായി 50,00,000 രൂപ (അൻപത് ലക്ഷം) വകയിരുത്തിയിട്ടുണ്ട്.

മൊകേരി ഗ്രാമപഞ്ചായത്തിൽ അംഗൻവാടികൾ സ്ഥാപിക്കാൻ നടപടി

30 [2067] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ അംഗൻവാടി ഇല്ലാത്ത വാർഡുകൾ ഉണ്ടോ ;

(ബി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജകമണ്ഡലത്തിൽ മൊകേരി ഗ്രാമപഞ്ചായത്തിലെ 4, 5 വാർഡ്, തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡ്, പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡ് എന്നീ വാർഡുകളിൽ അംഗൻവാടികൾ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മേൽപ്പറഞ്ഞ വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)യും(ബി)യും(സി)യും വിവരം ശേഖരിച്ചു നൽകുന്നതാണ്.

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ് പ്രോജക്ടുകൾ

31 [2068] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട് :

(ബി) ബാലുശ്ശേരി ഐ.സി.ഡി.എസ് പ്രോജക്ടിന്റെ സ്വന്തമായ കെട്ടിടം പണി പൂർത്തിയായിക്കഴിഞ്ഞോ; എങ്കിൽ ഇതിന് മൊത്തം എത്ര രൂപ ചെലവഴിച്ചു ;

(സി) പ്രസ്തുത കെട്ടിടം പണിയുന്നതിന് സംസ്ഥാന ഗവൺമെന്റ് എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും കൂടുതൽ സഹായം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് ബാലുശ്ശേരി ഐ.സി.ഡി.എസ് പ്രോജക്ടിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തീരുമാനമെടുത്തു എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly